**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3160** **04-08-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് ബാധിച്ച തടവുകാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കോവിഡ് മഹാമാരിയുടെ കാലത്ത് കേരളത്തിലെ ജയിലുകളിൽ കഴിയുന്ന എത്ര തടവുകാർക്ക് കോവിഡ് ബാധിച്ചു എന്ന കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കാമോ; | (എ) | അറ്റാച്ച് ചെയ്തിരിക്കുന്നു |
| (ബി) | കോവിഡ് ബാധിച്ച തടവുകാർക്ക് ചികിത്സ നൽകുന്നതിനുവേണ്ടി പ്രത്യേക സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; | (ബി) | 14 ജില്ലകളിലെയും ജയിലുകളിൽ കഴിയുന്ന കോവിഡ് പോസിറ്റീവ് ആയ അന്തേവാസികൾക്ക് അതാത് ജില്ലകളിലെ ജില്ലാ മെഡിക്കൽ ഓഫീസറുടെ നിർദ്ദേശ പ്രകാരം ചികിത്സ ലഭ്യമാക്കുന്നുണ്ട്. ജയിലുകളിൽ ഇവരെ ചികിത്സിക്കുന്നതിനായി ആവശ്യമായ ആരോഗ്യ പ്രവർത്തകരെ നിയോഗിച്ചിട്ടുണ്ട്. കൂടുതൽ ലക്ഷണങ്ങൾ കാണിക്കുന്ന അന്തേവാസികളെ ജില്ലാ ആശുപത്രിയിലും മെഡിക്കൽ കോളേജിലും അയച്ചു ആവശ്യമായ ചികിത്സ നൽകിയിട്ടുണ്ട്. ജയിലിൽ അനുവദിച്ച ഭക്ഷണത്തിനു പുറമെ പോഷകാഹാരങ്ങളും നൽകുന്നുണ്ട്. |
| (സി) | പ്രസ്തുത തടവുകാർക്ക് ഇക്കാരണത്താൽ പരോൾ അനുവദിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ? | (സി) | പ്രസ്തുത തടവുകാർക്ക് ഇക്കാരണത്താൽ പരോൾ അനുവദിച്ചിട്ടില്ല. ചികിൽസാ സൗകര്യങ്ങൾ ജയിൽ വകുപ്പ് തന്നെ നൽകുകയായിരുന്നു. |

സെക്ഷൻ ഓഫീസർ

**(എ)**

| ക്രമ നം | ജില്ല | കോവിഡ് ബാധിച്ചവരുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 1330 |
| 2 | കൊല്ലം | 192 |
| 3 | പത്തനംതിട്ട | -- |
| 4 | ആലപ്പുഴ | 176 |
| 5 | കോട്ടയം | 98 |
| 6 | ഇടുക്കി | 83 |
| 7 | എറണാകുളം | 328 |
| 8 | തൃശ്ശൂർ | 434 |
| 9 | പാലക്കാട് | 67 |
| 10 | മലപ്പുറം | 536 |
| 11 | കോഴിക്കോട് | 125 |
| 12 | വയനാട് | 24 |
| 13 | കണ്ണൂർ | 376 |
| 14 | കാസർഗോഡ് | 101 |
| ആകെ | | **3870** |